| പതിനാലാം കേരള നിയമസഭ | |
|---|---|
| പതിനൊന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.223 | 04/06/2018 ൽ മറുപടിക്ക് |
| <u>സർക്കാർ ജീവനക്കാരുടെ അഴിമതി</u> | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ബാബു | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ ചിലർ വിവിധ തരത്തിലുള്ള അഴിമതികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | സർക്കാർ ജീവനക്കാർക്കിടയിൽ അഴിമതി ഇല്ലാതാക്കുന്നതിനായി ശക്തമായ വിജിലൻസ് സംവിധാനം നിലവിലുണ്ട്. അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ മുഖേന സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ അഴിമതി തടയുന്നതിനുവേണ്ടി വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്. |
| (ബി) | പൊതുജനങ്ങളിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുന്ന സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കാമോ; | | |
| (സി) | ഏതെങ്കിലും വകുപ്പുകളിൽ ഇടനിലക്കാർ മുഖേന കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വിശദമാക്കാമോ; | (സി) | സർക്കാർ ആഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയും വിജിലൻസ് സംവിധാനത്തിലേക്ക് ആധുനിക വിനിമയ സംവിധാനത്തിലൂടെ പരാതികൾ അയക്കുന്ന സംവിധാനമേർപ്പെടുത്തുകയും ചെയ്തതു വഴി മുമ്പ് നിന്നിരുന്ന ഇടനിലക്കാരുടെ സംവിധാനം ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും കർശനമായി തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ഡി) | സ്ഥിരമായി കൈക്കൂലി വാങ്ങുന്നു എന്ന് പരാതി ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്കെതിരെ "ഡോസിയർ"തയ്യാറാക്കി അവരെ നിരീക്ഷിച്ചു വരുന്നുണ്ട്. ട്രാപ്പ് ചെയ്യാൻ സാധിക്കാതെവരുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യം വിജിലൻസിന്റെ സ്പെഷ്യൽ സെൽ മുഖേന അന്വേഷണം നടത്തി മതിയായ തെളിവുകൾ ലഭിക്കുമ്പോൾ അവർക്കെതിരെ വിജിലൻസ് കേസ് |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ച് വരുന്നുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും പൊതുജനങ്ങൾ കാണത്തക്ക നിലയിൽ വിജിലൻസിന്റെ ഫോൺ നമ്പറും വിലാസവും പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതു മുഖേന അഴിമതിയെപ്പറ്റിയും കൈക്കൂലിയെപ്പറ്റിയുമുള്ള വിവരങ്ങൾ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയിൽ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ